**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2376** **13-09-2023 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നഴ്സ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ആകെ 5 ഒഴിവുകളാണ് നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് II) തസ്തികയിൽ നിലവിലുള്ളത്. ഇവയിൽ 4 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന ഒരു ഒഴിവ് ശമ്പളരഹിത അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ അപേക്ഷ നൽകിയ ജീവനക്കാരിക്ക് നിയമനം നൽകുന്നതിനായി മാറ്റി വച്ചിട്ടുണ്ട്. |
| (ബി) | 2023 ഡിസംബറിനകം പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2023 ഡിസംബറിനകം ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് (വിരമിക്കൽ/സ്ഥാനക്കയറ്റം/ ലോങ്ങ് ലീവ്) പ്രതീക്ഷിക്കുന്നു. |
| (സി) | 2023 ഡിസംബറിനകം പ്രസ്തുത തസ്തികയിൽ വിരമിക്കൽ, പ്രൊമോഷൻ, ലോങ്ങ് ലീവ് എന്നിവ മുഖേന എത്ര ഒഴിവുകളുണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (സി) | 2023 ഡിസംബറിനകം ആരോഗ്യ വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഒരു ഒഴിവ് (വിരമിക്കൽ/സ്ഥാനക്കയറ്റം/ ലോങ്ങ് ലീവ്) പ്രതീക്ഷിക്കുന്നു. |
| (ഡി) | പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 കാറ്റഗറിയിൽ എത്ര അനുവദനീയ തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) | പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ 181 നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് II) തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 176 പേർ ജോലി ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ